**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഗവൺമെന്റ് കോളേജുകൾക്ക് ബസ് വാങ്ങുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(പി)നം. 60/2017/ധന. തീയതി, തിരുവനന്തപുരം, 08.05.2017**

---

**പരാമർശം : 1) സ.ഉ. (പി) നം. 332/2012/ധന. തീയതി 11.06.2012**
**2) സ.ഉ. (പി) നം. 178/2016/ധന. തീയതി 09.12.2016**

**ഉത്തരവ്**

നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി, പ്രസ്തുത ആനുകൂല്യം സർക്കാർ കോളേജുകൾക്കും നൽകണമെന്ന് നിയമസഭാ സാമാജികർ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിന്റെ ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയോടു കൂടി വാങ്ങാനുദ്ദേശിക്കുന്ന വാഹനത്തിന്റെ ഇൻവോയ്സ്, അനുബന്ധരേഖകൾ എന്നിവ സഹിതം സമർപ്പിക്കുന്ന ശുപാർശകൾക്ക് പരാമർശം (2) ലെ ഉത്തരവിലെ നിബന്ധനകൾക്കു വിധേയമായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സർക്കാർ കോളേജുകൾക്ക് ബസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്. ഉഷ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം,
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
6. എല്ലാ വകുപ്പ് തലവൻമാർക്കും.
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ട്രഷറി ഡയറക്ടർ
9. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
10. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
11. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
12. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
13. വിദ്യാഭ്യാസമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
14. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

Slathal

**സെക്ഷൻ ഓഫീസർ**